# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 4 ലക്കം 4 ആഗസ്റ്റ് 2021



പരിശുദ്ധ ദൈവമാതാവിന്റെ
സ്വർഗ്ഗാരോപണ തിരുന്നാൾ ആശംസകൾ

# ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്
# മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മ പെരുനാൾ



**ശ്രേഷ്ഠാചാര്യ ശുശ്രൂഷയിൽ ഇരുപതാം വർഷത്തിലേയ്ക്ക്**



**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ**
**ക്ലീമിസ് കാതോലിക്കാബാവായ്ക്ക്**
**പ്രാർത്ഥനാശംസകൾ**

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ


വാല്യം 4 ആഗസ്റ്റ് 2021 ലക്കം 4


TO BE EVERYTHING TO EVERYONE IN CHRIST

ഉള്ളടക്കം


| | |
|---|---|
| സർക്കുലർ – മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ | 2 |
| സർക്കുലർ – സണ്ടേസ്കൂൾ ദിനം – 2021 | 6 |
| സഭാ വാർത്തകൾ | 11 |
| ഭദ്രാസന വാർത്തകൾ | 13 |
| വിശ്വാസ പരിശീലന കാര്യാലയം | 16 |
| എം.സി.വൈ.എം. | 22 |
| എം.സി.എ. | 28 |
| ക്ഷേമ | 29 |
| വിദ്യാഭ്യാസം | 31 |



*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Sheen Thankalayam

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil (*Chancellor*)

*(Private Circulation Only)*

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 1/2021

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമായതിന്റെ 90-ാം വർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, ഈ ദൈവപരിപാലനയ്ക്ക് ഉപകരണമാക്കിയ നമ്മുടെ പുണ്യപിതാവ് ദൈവദാസൻ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാമത് ഓർമ്മപ്പെരുന്നാൾ നാം സഭയായി 2021 ജൂലൈ 1 മുതൽ 15 വരെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ആചരിക്കുകയാണ്. കോവിഡ്-19ന്റെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന രീതിയിലാണ് ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ നടത്തപ്പെടുന്നത്.

1. ജൂലൈ 1 മുതൽ രാവിലെ മുതൽ പട്ടത്ത് കബറിങ്കൽ പ്രാർത്ഥിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കോവിഡ്-19ന്റെ നിയന്ത്രണങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഒരേ സമയം 15 പേർക്ക് മാത്രമേ കബർ ചാപ്പലിൽ പ്രവേശിച്ച് പ്രാർത്ഥിക്കുന്നതിന് അനുവാദമുള്ളൂ. അത് കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

2. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് കത്തീഡ്രലിൽ വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ, സാധിക്കുന്നിടത്തോളം, ഓരോ ദിവസവും കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുന്നതും കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതുമാണ്. (Malankara CatholicTV) Live Streaming ഉണ്ടായിരിക്കും.

3. ഓർമ്മപ്പെരുന്നാൾ ദിനങ്ങളുടെ ഒന്നാം ദിവസം ജൂലൈ 1-ന് വൈകുന്നേരം 5.00ന് പട്ടം, കത്തീഡ്രലിൽ ഞാൻ വി. കുർബാന അർപ്പിക്കും.

4. ജൂലൈ 10-ാം തീയതി രാവിലെ 7 മണിക്ക് റാന്നി-പെരുനാട് ഇടവക ദൈവാലയത്തിൽ ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. 15 പേരടങ്ങുന്ന സമൂഹം വി. കുർബാനയിൽ സംബന്ധിക്കുന്നതാണ്.

5. ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിലെ ശുശ്രൂഷകളും ജൂലൈ 14 ചൊവ്വാഴ്ചയിലെ സന്ധ്യാനമസ്കാരവും ധൂപപ്രാർത്ഥനയും ശ്ലൈഹിക ആശീർവാദവും തുടർന്ന് ജൂലൈ 15 വ്യാഴാഴ്ച പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകളും മലങ്കര കാത്തലിക് ടിവി You tube channel (www.youtube.com/c/malankaracatholictv) വഴി തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്. ജൂലൈ 15-ന് രാവിലെ 8 മുതൽ പട്ടത്ത് കത്തീഡ്രലിൽ ഉള്ള വി. കുർബാനയും ശുശ്രൂഷകളും ഷെക്കെയ്ന ടെലിവിഷൻ ചാനൽ പ്രത്യേകം സംപ്രേഷണം ചെയ്യുന്നതാണ്.

6. ഓർമ്മപ്പെരുന്നാൾ ദിവസമായ ജൂലൈ 15-ാം തീയതി രാവിലെ 8.00-മണിക്ക് പ്രഭാതനമസ്കാരം, ആഘോഷമായ പൊന്തിഫിക്കൽ കുർബാന, കബറിങ്കൽ ധൂപപ്രാർത്ഥന എന്നിവയുണ്ടായിരിക്കുന്നതാണ്. കോവിഡ്-19 ന്റെ സുരക്ഷാ ക്രമീകരണങ്ങളുടെയും നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ മറ്റ് ബഹു. വൈദികർക്ക് ഈ വർഷവും വി. കുർബാനയിൽ സഹകാർമ്മികരാകുവാൻ സാധിക്കുകയില്ലാ എന്ന വിവരം ഖേദത്തോടെ ഞാൻ അറിയിക്കുന്നു.

7. എല്ലാ വർഷവും പെരുനാട് മുതൽ പട്ടം കത്തീഡ്രൽ വരെ നടത്തിവരുന്ന തീർത്ഥാടന പദയാത്ര ഈ വർഷം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു. അനൗദ്യോഗിക ചെറുപദയാത്രകളും ഉണ്ടായിരിക്കുന്നതല്ല.

8. കബറിങ്കൽ നടന്നുവന്നിരുന്ന 'മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി', കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, Zoom ആപ്ലിക്കേഷൻവഴി 2021 ജൂലൈ 1 മുതൽ എല്ലാദിവസവും രാവിലെ 11 മുതൽ 12 മണിവരെ, ഇനി കബറിങ്കൽ നേരിട്ട് സമ്മേളിക്കാൻ സാധിക്കുന്നതുവരെ തുടരുന്നതായിരിക്കും. സഭാതല സുവിശേഷ സംഘമാണ് ഈ പ്രെയർ മിനിസ്ട്രിക്ക് നേതൃത്വം നൽകുന്നത്. (Zoom Meeting ID:89341569368, Passcode: 200625). പ്രാർത്ഥനാ നിയോഗങ്ങൾ അറിയിക്കാനുള്ള ഫോൺ നമ്പർ: 8281512877.

9. ഓർമ്മപ്പെരുന്നാൾ കഴിഞ്ഞുവരുന്ന ജൂലൈ 18-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ആരാധനാലയങ്ങളിലും ദൈവദാസന്റെ 68-ാം ഓർമ്മപ്പെരുന്നാൾ സമുചിതമായി വി. കുർബാന, ധൂപപ്രാർത്ഥന ഇവ നടത്തി ആഘോഷിക്കേണ്ടതാണ്.

10. ജൂലൈ 1 മുതൽ 15 വരെയുള്ള ദിവസങ്ങൾ പ്രത്യേക നോമ്പു കാലമായി നമ്മുടെ സഭ അനുശാസിക്കുന്നതനുസരിച്ച് നോമ്പിന്റെ അരൂപിയിൽ ഈ 15 ദിവസങ്ങളും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വർജ്ജനയുടെയും അരൂപിയിൽ സാധിക്കുന്നിടത്തോളം ഏവരും ആയിരിക്കേണ്ടതുമാണ്.

11. ദൈവസന്നിധിയിലേക്ക് യാത്രയായ ബഹുമാനപ്പെട്ട സൈമൺ എലുവത്തിങ്കൽ അച്ചൻ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് തയ്യാറാക്കിയ വീഡിയോ പ്രഭാഷണങ്ങൾ 2021 ജൂലൈ 1 മുതൽ 2022 ജൂലൈ 1 വരെയുള്ള എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 12.00 മണിക്ക് മലങ്കര കാതലിക് ടി.വി.യിലൂടെ പ്രക്ഷേപണം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട വൈദികർ ഇക്കാര്യം ഇടവക ജനങ്ങളെ അറിയിക്കുകയും എല്ലാവരും ഒരുക്കത്തോടെ ഇത് കേൾക്കാൻ വേണ്ട പ്രോത്സാഹനം നൽകേണ്ടതുമാണ്.

12. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാൾ ദിനമായ ജൂലൈ 3-ാം തീയതി നോമ്പ് ഉണ്ടായിരിക്കുന്നതല്ല. ആഘോഷമായ പെരുന്നാൾ ദിനമായി ആ ദിനം ഏവരും ആഘോഷിക്കേണ്ടതാണ്.


വിശുദ്ധിയുടെ പൂർണ്ണത പ്രാപിക്കുവാൻ നമ്മുടെ കർത്താവിൽ നിന്നും ലഭിച്ച താലന്തുകളെ ദൈവമഹത്വത്തിനും മനുഷ്യ സേവനത്തിനുമായി പ്രതിഷ്ഠിച്ചുകൊണ്ട് ജീവിച്ച നമ്മുടെ വന്ദ്യപിതാവിനെ

മാതൃകയായും മദ്ധ്യസ്ഥനായും ആഗോളസഭയ്ക്ക് ലഭിക്കുന്നതിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ദൈവദാസന്റെ വിശുദ്ധപദനാമ കരണ നടപടികൾ റോമിൽ പുരോഗമിക്കുന്നു. സഭാംഗങ്ങളായ നിങ്ങൾ ഏവരുടേയും ഹൃദയം നിറഞ്ഞ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നുള്ള നടപടികളെ ഏറെ ഫലദായകമാക്കും. 68-ാം ഓർമ്മപ്പെരുന്നാൾ സഭാ തലത്തിൽ ആഘോഷിക്കുന്നതിന് കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഏറെ തടസ്സങ്ങൾ നേരിടുന്നുവെങ്കിലും നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഇടവകകളിലും ഹൃദ്യമായും തീവ്രമായും നമുക്ക് വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥംതേടി പ്രാർത്ഥിക്കാം, നാമകരണ നടപടി കളുടെ വിജയത്തിനായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. ദൈവ ദാസന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ.

**ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.**

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

23.06.2021
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# സണ്ടേസ്കൂൾ ദിനം - 2021

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ വിദ്യാർത്ഥികളേ,

ഏവർക്കും ത്രിയേകദൈവനാമത്തിൽ വന്ദനം!

2021 ആഗസ്റ്റ് മാസം 1-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭ സണ്ടേസ്കൂൾ ദിനമായി ആചരിക്കുകയാണല്ലോ. നമ്മുടെ സമൂഹത്തെ ആഴത്തിൽ മുറിപ്പെടുത്തിയ ഒരു മഹാമാരിയുടെ കെടുതികളിലൂടെ നാം കടന്നുപോയിക്കൊണ്ടിരിക്കുന്നു. ആരോഗ്യപരവും, സാമ്പത്തികവും, മാനസികവുമായ അനവധി പ്രശ്നങ്ങൾ ഈ മഹാമാരി നമ്മുടെ സമൂഹത്തിൽ അവശേഷിപ്പിച്ചിട്ടുണ്ട്. പലരും ഇപ്പോഴും അപകടാവസ്ഥയിലാണ്. പ്രത്യാഘാതങ്ങൾ അനവധി ഇനിയും ഉണ്ടാകുവാനുള്ള സാധ്യത നിലനിൽക്കുന്നു. "മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല; അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു" (സങ്കീ. 23:4) എന്ന് സങ്കീർത്തകനോടൊപ്പം പാടുന്നതിന് നമ്മെ സഹായിക്കുന്ന വിശ്വാസം നമ്മുടെ ഹൃദയങ്ങളിൽ തന്ന നല്ലവനായ കർത്താവിനെ നമുക്ക് മഹത്വപ്പെടുത്താം. അവിടുത്തെ സ്നേഹത്തിലും കരുണയിലും ആശ്രയം അർപ്പിച്ച് ഈ കാലത്തിന്റെ വെല്ലുവിളികളെ പ്രത്യാശയോടെ നേരിടുന്നതിന് നമുക്ക് സജ്ജരാകാം.

നീണ്ടുപോകുന്ന ഈ വേദനയുടെകാലം നമ്മെ ആശങ്കപ്പെടുത്തുന്നു എന്നത് സത്യമാണ്. എല്ലാ ആശങ്കകളിലും യേശുവിന്റെ സുവിശേഷം നമുക്ക് ആശ്വാസം പകരുന്നുണ്ട്. നല്ല സമറിയാക്കാരന്റെ ഉപമയിൽ സവിശേഷമായി സഹനത്തിന്റെ കാലങ്ങളിൽ എന്തു

ചെയ്യണം എന്ന് കർത്താവ് നമ്മെ ഓർമിപ്പിക്കുന്നു. സമറിയാക്കാരൻ മറ്റൊരാളെ വേദന സഹിക്കുന്നവനായി കണ്ടെത്തുന്നു. അയാൾ ചോദ്യങ്ങൾ ചോദിച്ച് സമയം പാഴാക്കുന്നില്ല. തനിക്കുണ്ടാവുന്ന നഷ്ടങ്ങളെക്കുറിച്ച് ആകുലപ്പെടുന്നുമില്ല. തനിക്ക് സാധിക്കുന്നതിന്റെ പരമാവധി ആ സഹോദരനെ ശുശ്രൂഷിച്ച് ജീവനിലേക്ക് ചേർത്തുപിടിക്കുവാനാണ് അയാൾ ശ്രമിക്കുന്നത് (ലൂക്കാ 10:25-37). തന്നോട് ചോദ്യം ചോദിക്കുന്ന നിയമജ്ഞനോട് അതുപോലെ ചെയ്യാൻ കർത്താവ് ആവശ്യപ്പെടുന്നു. സഹനം ശുശ്രൂഷയ്ക്കുള്ള ക്ഷണമാണ്. കൂടുതൽ കഷ്ടപ്പെടുന്നവരെ നമ്മുടെ കഴിവിനൊത്തവിധം ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും നമുക്ക് ഉത്സാഹമുള്ളവരായിത്തീരാം.

കോവിഡ് കാലം ഏറ്റവും പ്രതിസന്ധിയിലാക്കിയത് വിശ്വാസ കൂട്ടായ്മകളെയും വിദ്യാഭ്യാസമേഖലയെയും ആണ്. വിശ്വാസപരിശീലനം ഒരേസമയം കൂട്ടായ്മയിലുള്ള അനുഭവവും വിദ്യാഭ്യാസവുമാണ്. തീർച്ചയായും വലിയ പ്രതിസന്ധികൾ ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. എങ്കിലും കഴിഞ്ഞ അധ്യയനവർഷം നമ്മുടെ വിവിധ ഭദ്രാസനങ്ങളിൽ ഈ പ്രതിസന്ധികളെ തരണംചെയ്യാൻ സ്വീകരിച്ച വഴികൾ നമ്മെ പ്രത്യാശാഭരിതരാക്കുന്നു. വളരെ ക്രിയാത്മകമായി പുതിയ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടും, വെല്ലുവിളികളെ നേരിട്ടും, വിശ്വാസ പരിശീലന പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് സാധിച്ചു. നമ്മുടെ പാഠാവലിയിലെ എല്ലാ പാഠങ്ങളും വീഡിയോ ക്ലാസുകളായി തയ്യാറാക്കാൻ പല ഭദ്രാസനങ്ങളിലെയും വിശ്വാസ പരിശീലന വിഭാഗങ്ങൾ തയ്യാറായി. മറ്റുള്ളവർ അവരോട് സഹകരിച്ചും സ്വതന്ത്രമായും പ്രായോഗികമായ വഴികൾ സ്വീകരിച്ചു. അത്ര പരിചിതമല്ലാത്ത കാര്യങ്ങൾ പഠിച്ചെടുത്തും ശീലിച്ചും നമ്മുടെ അധ്യാപകർ ഓൺലൈൻ ക്ലാസുകൾ ക്രമീകരിച്ചു. മാതാപിതാക്കളും കുട്ടികളും ഈ ക്രമീകരണങ്ങളോട് സന്തോഷത്തോടെ സഹകരിച്ചു. എല്ലാവരും ഒരുമിച്ച് കാഴ്ചവച്ച ഈ സമർപ്പണം അനുഗ്രഹപ്രദവും അഭിനന്ദനാർഹവുമാണ്.

കുറവുകളും പരിമിതികളും തീർച്ചയായും ഉണ്ടായിട്ടുണ്ട്. അവയെ തിരിച്ചറിഞ്ഞ് പരിഹരിച്ച് കൂടുതൽ മെച്ചമായി ഈ പരമപ്രധാനമായ ശുശ്രുഷയിൽ പങ്കുചേരാനുള്ള അവസരം കൂടിയാണ് ഈ അധ്യയനവർഷം.

കോവിഡിന്റെ ഈ കാലം നമുക്ക് നല്ല ചില തിരിച്ചറിവുകൾ തന്നിട്ടുണ്ട്. സമ്പത്തുൾപ്പെടെ ഭൗതികമായ അനവധി ജീവിതസാഹചര്യങ്ങളെകുറിച്ച് നിരന്തരമായി വ്യഗ്രതപ്പെട്ടുള്ള ഓട്ടത്തിലായിരുന്നു നമ്മുടെ തലമുറ. എന്നാൽ ആരോഗ്യമുള്ള ജീവിതമാണ് ഭൗതിക സാഹചര്യങ്ങളിൽ പരമപ്രധാനം എന്ന് ഈ മഹാമാരി നമ്മെ ഓർമിപ്പിച്ചു. പ്രകൃതിയെ സംരക്ഷിക്കുന്നതിനും, കൂടുതൽ ആരോഗ്യകരമായ ജീവിതശൈലികൾ സ്വീകരിക്കുന്നതിനും ഇത് കൂടുതൽ പേരെ പ്രേരിപ്പിക്കുന്നുണ്ട്. കുടുംബബന്ധങ്ങളുടെ വില തിരിച്ചറിയുന്നതിനും ഈ കാലം നമ്മെ കൂടുതൽ സഹായിച്ചു. മുൻകാലങ്ങളേക്കാൾ അധികമായി കുടുംബത്തോടൊപ്പം സമയം ചിലവഴിക്കുന്നതിനും, ഒരുമിച്ച് അധ്വാനിക്കുന്നതിനും പരസ്പരം അറിയുന്നതിനും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഇടയായി. ഇതിൽ നിന്നെല്ലാം നന്മകൾ സ്വാംശീകരിക്കുന്നതിനും കൂടുതൽ നന്മ നിറഞ്ഞ ഭാവി രൂപപ്പെടുത്തുന്നതിനും നമുക്ക് ഇടയാകട്ടെ.

കുടുംബങ്ങളിൽ ഒരുമിച്ച് പങ്കിടുന്ന സമയം ദൈവാനുഭവം കൊണ്ടു കൂടി നിറവുള്ളതാകട്ടെ. കൂടുതൽ പ്രാർത്ഥിക്കുന്നതിനും ദൈവവചനം വായിക്കുന്നതിനും സമയം കണ്ടെത്തണം. നമ്മുടെയും നമുക്ക് പ്രിയപ്പെട്ടവരുടെയും സുരക്ഷിതത്വത്തിനുവേണ്ടി മാത്രമല്ല. സഹനത്തിൽകൂടി കടന്നുപോകുന്ന അയൽക്കാരേയും പരിചിതരേയും നമ്മുടെ പ്രാർത്ഥനകളിൽ കൊണ്ടുവരണം. വരുമാനവും ജീവിതമാർഗങ്ങളും നഷ്ടപ്പെട്ടവരെ സഹായിക്കാൻ ഉതകുന്ന നന്മപ്രവർത്തികളിൽ കുട്ടികളെക്കൂടി പങ്കെടുപ്പിക്കുവാൻ മുതിർന്നവർ ശ്രദ്ധിക്കണം. പ്രവർത്തനനിരതമായ സ്നേഹത്തിലൂടെയാണ് ക്രൈസ്തവ വിശ്വാസത്തിന്റെ പ്രധാന പാഠങ്ങൾ മനസിലുറയ്ക്കുന്നത്.

കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസുകളെ നാം കൂടുതൽ ആശ്രയിക്കേണ്ട സാഹചര്യം നിലവിലുണ്ട്. വൈദികരും സന്യസ്തരും ഉൾപ്പെടെ നമ്മുടെ സഭയിലെ പ്രഗത്ഭരായ അധ്യാപകർ നൽകിയ ക്ലാസുകൾ ഇതിന് സഹായമാകുംവിധം വീഡിയോ രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ മൂന്ന് ഭദ്രാസനങ്ങളിലെ വിശ്വാസ പരിശീലന വിഭാഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുള്ള ക്ലാസുകൾ നമുക്ക് ഓൺലൈനിൽ ലഭ്യമാണ്. പ്രായോഗിക സൗകര്യം മുൻനിർത്തി ഈ പാഠാവലികൾ മൂന്നും സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (http://www.catholicate.net) ലിങ്കുകളായി ലഭ്യ

മാക്കിയിട്ടുണ്ട്. കൊച്ചുകുട്ടികൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലേക്കുള്ള പാഠങ്ങൾ ഗുഡ്ന്യൂസ് ടീവിയിലും ലഭ്യമാക്കിയിട്ടുണ്ട്. ഭദ്രാസനങ്ങളിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ച് ഈ ക്ലാസുകൾ പരമാവധി ഉപയോഗപ്പെടുത്താൻ കുടുംബങ്ങളിൽ മാതാപിതാക്കൾ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. കോവിഡ് ഉയർത്തുന്ന വെല്ലുവിളികൾ മാറുന്നതനുസരിച്ച് കഴിയുന്നത്ര വേഗം വിശ്വാസകൂട്ടായ്മയിലുള്ള സാധാരണ ക്ലാസുകളിലേക്ക് നമുക്ക് മടങ്ങിപ്പോകാം.


ക്ലേശകരമായ ഈ കാലത്ത് നമ്മുടെ സന്യസ്തരും വൈദികരും ചെയ്യുന്ന ത്യാഗപൂർവമായ ശുശ്രൂഷയെ നാം നന്ദിയോടെ ഓർക്കുന്നു. പ്രാദേശികമായ സവിശേഷ സാഹചര്യങ്ങൾ മനസിലാക്കി അജപാലനപരമായ ഔചിത്യത്തോടെ അവർ നൽകുന്ന പ്രായോഗിക നിർദ്ദേശങ്ങൾ കൊണ്ടാണ് എപ്പോഴും നമ്മുടെ വിശ്വാസപരിശീലന ശുശ്രൂഷകൾ മുന്നോട്ട് പോയിട്ടുള്ളത്. കഴിഞ്ഞവർഷം അവരുടെ സവിശേഷമായ ജാഗ്രത നമ്മുടെ കുഞ്ഞുങ്ങളെ വളരെയേറെ സഹായിച്ചിട്ടുണ്ട്. ആ ജാഗ്രത നമുക്ക് തുടർന്നും ആവശ്യമുണ്ട്.

ആരോഗ്യകാര്യങ്ങളിൽ അവശ്യംവേണ്ട ശ്രദ്ധയിൽ വിട്ടുവീഴ്ച ചെയ്യാതെതന്നെ കുഞ്ഞുങ്ങളുടെ മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന കർമപദ്ധതികൾ ഓരോ ഇടത്തേയും സാഹചര്യം മനസിലാക്കി രൂപപ്പെടുത്തുവാൻ മാതാപിതാക്കളും അജപാലക ശുശ്രൂഷയിൽ ഉള്ളവരും യോജിച്ച് ശ്രമിക്കേണ്ടതാണ്. സാമൂഹ്യമായ അകലം സൗഹൃദങ്ങളുടെ വരൾച്ച ആകാതിരിക്കാനും സഞ്ചാര നിയന്ത്രണം തടവറ അനുഭവം ആകാതിരിക്കാനും കുട്ടികളെ സഹായിക്കേണ്ടതുണ്ട്. വിശ്വാസകൂട്ടായ്മയിലുള്ള അവരുടെ സുഹൃദ്ബന്ധങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കണം. കുട്ടികൾ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനും നന്മപ്രവർത്തികളിൽ പങ്കുചേരുന്നതിനുമുള്ള അവസരങ്ങൾ ഉചിതമായും സുരക്ഷിതമായും കണ്ടെത്തണം.

ഈ വർഷം നമ്മുടെ സഭ ഹൈരാർക്കിയായി രൂപപ്പെട്ടതിന്റെ നവതി നാം ആചരിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സഭയായി ജീവിക്കുകയെന്നാൽ എന്താണെന്ന് മനസിലാക്കാൻ കുട്ടികളെ സഹായിക്കുന്ന വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

വ്യക്തിപരമായും ഒരുമിച്ചുചേർന്നുമുള്ള പ്രാർത്ഥനകളിൽ ദീർഘകാലമായി രോഗാതുരനായിരിക്കുന്ന നമ്മുടെ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനേയും അദ്ദേഹത്തിന്റെ ശുശ്രൂഷയിലുള്ള ഗുഡ്ഗാവ്-ഡൽഹി ഭദ്രാസനത്തെയും സവിശേഷമായി ഓർമിക്കുമല്ലോ.

നിങ്ങൾ എല്ലാവരുടേയും സന്തോഷത്തിനും നന്മയ്ക്കുമായി പ്രാർത്ഥിക്കുന്നു. വിശ്വാസപരിശീലനദിനത്തിന്റെ എല്ലാ ആശംസകളും നേരുന്നു.




**✠ തോമസ് മാർ യൗസേബിയോസ്**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മ പെരുനാൾ



മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയും തിരുവനന്ത പുരം ആർച്ച്ബിഷപ്പുമായിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മ പെരുനാൾ ജൂലൈ 1 മുതൽ 15 വരെ കബറിടം സ്ഥിതി ചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാ ലയത്തിൽ വച്ച് നടന്നു. കോവിഡ് 19 ന്റ പ്രത്യേക സാഹചര്യത്തിൽ നിയന്ത്രണങ്ങളോടെയാണ് പെരുന്നാൾ ക്രമീകരിച്ചത്. ആദ്യ ദിവസമായ ജൂലൈ 1 വൈകിട്ട് 5 മണിക്ക് മേജർ ആർച്ച്ബിഷപ്പ് ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമികത്വത്തിൽ വി. കുർബാനയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും അർപ്പിച്ചു. ആയിരക്കണക്കിന് കുടുംബങ്ങളെ ദൈവസമ്പാദനത്തിന് പ്രേരിപ്പിക്കു വാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് കഴിഞ്ഞു. മലങ്കര സഭയിലെ നവോത്ഥാനത്തിന്റെ പ്രചാരകനും പ്രചോദകനും പ്രണേ

താവുമാണ് ദൈവദാസൻ മാർ ഈവാനിയോസ് എന്നും വി. കുർബാന മദ്ധ്യേ കാതോലിക്കാബാവാ പറഞ്ഞു.

ജൂലൈ 1 മുതൽ കബർ ചാപ്പലിൽ 15 പേർ വീതമുള്ള ചെറു സംഘങ്ങൾക്ക് പ്രാർത്ഥന നടത്താൻ സൗകര്യം ഒരുക്കിയിരുന്നു. ദിവസവും വൈകുന്നേരം 5 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന വി. കുർബാനയ്ക്കും കബറിടത്തിലെ ധൂപപ്രാർത്ഥനയ്ക്കും സഭയിലെ മെത്രാപ്പോലീത്താമാർ നേതൃത്വം നൽകി. ഈ വർഷം തീർത്ഥാടന പദയാത്രകൾ ഇല്ലാതിരുന്നതിനാൽ ജൂലൈ 10 ന് റാന്നി പെരുനാട് ദൈവാലയത്തിൽ കാതോലിക്കാബാവാ വി. കുർബാന അർപ്പിച്ചു.

സഭാതല സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ കബറിങ്കൽ നടന്നുവന്നിരുന്ന 'മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി' കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, Zoom ആപ്ലിക്കേഷൻ വഴി 2021 ജൂലൈ 1 മുതൽ എല്ലാ ദിവസവും രാവിലെ 11 മുതൽ 12 മണിവരെ നടന്നു.

ജൂലൈ 14-ന് വൈകുന്നേരം 4.00ന് ബഥനി ആശ്രമ സുപ്പീരിയർ ജനറൽ വെരി റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് 5.30-ന് സന്ധ്യാനമസ്കാരവും മെഴുകുതിരി പ്രദക്ഷിണവും നേർച്ചയും കബറിങ്കൽ ധൂപ്രപാർത്ഥനയും ശ്ലൈഹിക ആശീർവാദവും ഉണ്ടായിരുന്നു.

2021 ജൂലൈ 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.00 ന് പ്രഭാതനമസ്കാരവും തുടർന്ന് മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വി. കുർബാനയും, അതിനുശേഷം കബറിങ്കൽ ധൂപ്രപാർത്ഥനയും നടന്നു. അഭിവന്ദ്യ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഓദ്യോഗിക യൂട്യൂബ് ചാനലായ malankaracatholictv ഈ പരിപാടികളെല്ലാം തൽസമയം പ്രക്ഷേപണം ചെയ്തു.

## മലങ്കര കാതലിക് ടീവിയിൽ പ്രഭാഷണ പരമ്പര

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് ദിവംഗതനായ ബഹുമാനപ്പെട്ട സൈമൺ എലുവത്തിങ്കൽ അച്ചൻ തയ്യാറാക്കിയ വീഡിയോ പ്രഭാഷണങ്ങൾ 2021 ജൂലൈ 1 മുതൽ 2022 ജൂലൈ 1 വരെയുള്ള എല്ലാ ഞായറാഴ്ചകളിലും ഉച്ചയ്ക്ക് 12.00 മണിക്ക് മലങ്കര കാതലിക് ടി.വി.യിലൂടെ പ്രക്ഷേപണം ചെയ്യുന്നതാണ്.

# ഭദ്രാസന വാർത്തകൾ

## കോവിഡ്–19 പ്രതിരോധ കിറ്റുകൾ




കാരിത്താസ് ഇന്ത്യ പാറശ്ശാല ഭദ്രാസനത്തിന് നൽകിയ അൻപത് കോവിഡ് –19 പ്രതിരോധ കിറ്റുകൾ 50 യൂണിറ്റുകളിലായി 2021 ജൂൺ 22 ന് വിതരണം ചെയ്തു. കിറ്റുകളുടെ വിതരണ ഉദ്ഘാടനം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനവേദിയിൽ റൈറ്റ്. റവ. മോൺ. ജോസ് കോണത്തുവിള, പ്രോക്യൂറേറ്റർ റവ. ഫാ. ബർണാഡ്, ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, എം.സി.വൈ.എം. അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. വിമൽ വിൻസെന്റ് എന്നിവർ പങ്കെടുത്തു.

പാറശ്ശാല ഭദ്രാസന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഇൻഫർമേഷൻ സർവീസ് സെന്റർ ആരംഭിച്ചു. ശ്രീ. ശരത് ലാൽ, ശ്രീ. ജിജോ ഇമ്മാനുവൽ എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. കാരിത്താസ് ഇന്ത്യയാണ് ഈ സെന്ററിന് മാർഗ്ഗനിർദ്ദേശവും സാമ്പത്തിക സഹായവും നൽകുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ഈ സെന്ററിന്റെ ലക്ഷ്യം.

## ഓക്സിജൻ കോൺസെൻട്രേറ്റ്




കോവിഡ് രോഗബാധിതരായവരെ സഹായിക്കുന്നതിനുവേണ്ടി കാരിത്താസ് ഇന്ത്യ പാറശ്ശാല ഭദ്രാസനത്തിന് നൽകിയ ഓക്സിജൻ കോൺസെൻട്രേറ്റ് പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പനച്ചമൂട് സെന്റ് ജോസഫ് ഹോസ്പിറ്റലിലെ ഡി.എം. സിസ്റ്റേഴ്സിന് കൈമാറി.

## കോവിഡ് മെഡിക്കൽ കിറ്റ് ഉദ്ഘാടനം




കാരിത്താസ് ഇന്ത്യയും കെ.സി.ബി.സിയും കേരള സോഷ്യൽ സർ വീസ് ഫോറവും ചേർന്ന് പാറശ്ശാല ഭദ്രാസനത്തിന് നൽകിയ 100 കോവിഡ് പ്രതിരോധ കിറ്റുകൾ 100 യൂണിറ്റുകളിലായി ജൂലൈ 3-ാം

തീയതി വിതരണം ചെയ്തു. കിറ്റുകളുടെ വിതരണ ഉദ് ഘാടനം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. റൈറ്റ് റവ. മോൺ. സെലിൻ ജോസ് കോണത്തുവിള, നെയ്യാറ്റിൻകര ജില്ലാ വികാരി വെരി റവ. ഫാ. ആന്റണി പ്ലാംപറമ്പിൽ, ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ് വെട്ടിക്കാട്ടിൽ എന്നിവർ പങ്കെടുത്തു.

## പ്രാർത്ഥനാശംസകൾ




ബഥനി നവജീവൻ പ്രൊവിൻസിന്റെ III[rd] കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. തോമസ് പ്രശാന്ത് ഒ.ഐ.സി ക്ക് പാറശ്ശാല ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ.

## ആദരാഞ്ജലികൾ

പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ വത്സല പിതാവ് ശ്രീ. എൻ. റ്റി. വർഗ്ഗീസ് നായിക്കംപറമ്പിൽ (93), 2021 ആഗസ്റ്റ് 5 വ്യാഴാഴ്ച നിര്യാതനായി. ആഗസ്റ്റ് 6 ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാവിന്റെ മാതൃ ഇടവകയായ മൈലപ്ര മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലെ സെമിത്തേരിയിൽ കബറടക്കം നടന്നു.



റവ. ഫാ. ജോൺ ഐക്കരയുടെ വത്സല പിതാവ് വർഗ്ഗീസ് മാത്യു (68) 2021 ജൂലൈ 4-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. കബറടക്ക ശുശ്രൂഷ ഉച്ചയ്ക്ക് 3 മണിക്ക് ഭവനത്തിലും തുടർന്ന് 4 മണിക്ക് ഇരമത്തൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും നടന്നു.



പാറശ്ശാല-കുടയാൽ ദൈവലയത്തിൽ ദീർഘകാലം ശുശ്രൂഷകനായിരുന്ന ശ്രീ. ജോസഫ് ഉപദേശി (72) 2021 ജൂലൈ 22 ന് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാര ശുശ്രൂഷ പിറ്റേദിവസം ഭവനത്തിൽ വച്ച് നടന്നു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികളും പ്രാർത്ഥനകളും.

# വിശ്വാസ പരിശീലന കാര്യാലയം



## പഠന ഉപകരണ വിതരണം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ നാലാഞ്ചിറ ഇടവകയിലെ എം.സി.വൈ.എം. യൂണിറ്റ് അംഗങ്ങൾ കർമ്മപദ്ധതി യുടെ ഭാഗമായി പാറശ്ശാല ഭദ്രാസനത്തിലെ വിദ്യാർഥികൾക്ക് പഠന ഉപകരണങ്ങൾ വിതരണം ചെയ്തു. ആയിരം രൂപ വിലമതിക്കുന്ന 110 കിറ്റുകൾ ആണ് വിതരണത്തിനായി എത്തിച്ചത്. കിറ്റുകൾ പാറശ്ശാല ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പാറക്കൽ ഒ.ഐ.സി. നൽകി. തുടർന്ന് നാലാഞ്ചിറ എം.സി.വൈ.എം. യൂണിറ്റ് ഭാരവാഹി കൾക്കും അംഗങ്ങൾക്കും അഭിവന്ദ്യ പിതാവ് നന്ദിപറഞ്ഞു. കിറ്റുകൾ ഓരോ ഇടവകയിലെയും ഓരോ കുട്ടിക്ക് വീതം എം.സി.സി.എൽ.ന്റെ നേതൃത്വത്തിൽ വിതരണം ചെയ്യും.

## പരീക്ഷകൾ നടത്തി

വിശ്വാസ പരിശീലന ക്ലാസ്സുകളിലെ ഒന്ന് മുതൽ ഒൻപത് വരെയും പതിനൊന്നം ക്ലാസ്സിന്റെയും പരീക്ഷകൾ 2021 ജൂൺ 19, 20 തീയതികളിലായി നടത്തി.

## സർട്ടിഫിക്കറ്റ് വിതരണം

2019- 2020 അധ്യയന വർഷം 10,12 ക്ലാസ്സുകളിൽ പരീക്ഷ എഴുതി വിജയിച്ച കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## ബൈബിൾ പകർത്തിയെഴുത്തു മത്സരം

പാറശ്ശാല ഭദ്രാസനത്തിലെ എം.സി.സി.എൽ. ന്റെ ആഭിമുഖ്യ ത്തിൽ നടത്തിയ ബൈബിൾ പകർത്തി എഴുത്ത് മത്സരം ജൂൺ മാസം ഇരുപത്തിയേഴാം തീയതി പൂർത്തിയായി. വിശുദ്ധ മത്തായിയുടെ സുവിശേഷമാണ് ഈ വർഷത്തെ ബൈബിൾ പകർത്തി എഴുത്തി നായി നൽകിയിരുന്നത്. ഇരുന്നൂറിലധികം കുട്ടികൾ മത്സരത്തിൽ പങ്കെ ടുത്തു.

## സ്കോളർഷിപ്പ് പരീക്ഷകൾ

പാറശ്ശാല ഭദ്രാസനത്തിൽ 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി സർട്ടിഫിക്കറ്റ് പരീക്ഷകൾ 2021 ജൂൺ 27, ഞായർ ഉച്ചകഴിഞ്ഞു നടത്തി. കോവിഡിന്റെ സാഹചര്യത്തിൽ അതാതു ഇടവകകളിൽ വച്ചാണ് പരീക്ഷ നടത്തിയത്. 10-ാം ക്ലാസ്സിൽ 295 പേരും 12-ാം ക്ലാസ്സിൽ 185 പേരുമാണ് പരീക്ഷ എഴുതിയത്. കോവിഡ് മൂലം പരീക്ഷയ്ക്ക് പങ്കെടുക്കാൻ സാധിക്കാത്തവർക്കായി മറ്റൊരു ദിവസം പരീക്ഷകൾ നടത്തുന്നതാണ്.

## സണ്ടേസ്കൂൾ പ്രവേശനോത്സവം

* 2021 -22 അധ്യായന വർഷത്തെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചുകൊണ്ട് പ്രവേശനോത്സവം 2021 ജൂലൈ 4 ഞായറാഴ്ച രാവിലെ 11 മണിക്ക് നടത്തി. പള്ളിയിൽ ഒരുമിച്ചു കൂടാൻ സാധിക്കാത്തതിനാൽ ഓൺലൈനായിട്ടാണ് പ്രവേശനോത്സവം നടത്തിയത്. പാറശ്ശാല ഭദ്രാസന അധ്യക്ഷൻ ആബൂൻ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പ്രവേശനോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. റൈറ്റ്. റവ. മോൺസിഞ്ഞോർ ജോസ് കോണത്തുവിള മുഖ്യസന്ദേശം നൽകി. പാറശ്ശാല ഭദ്രാസനത്തിലുള്ള എല്ലാ മതാധ്യാപകരും മാതാപിതാക്കളും സണ്ടേഡേസ്കൂൾ കുഞ്ഞുങ്ങളും ആ സമയം ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് പ്രവേശനോത്സവത്തിൽ പങ്കെടുത്തു. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ ആബൂൻ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഈ വർഷത്തെ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു.
* പ്രവേശനോത്സവം നടത്തുന്നതിനായി ഭവനത്തിൽ ഒരു പ്രത്യേക സ്ഥലത്തു പ്രാർത്ഥനാമേശയും ബൈബിളും മെഴുകുതിരികളും ക്രമീകരിച്ചിരുന്നു.
* കുടുംബങ്ങളിലെ പ്രവേശനോത്സവ ഫോട്ടോസ് കുട്ടികളിൽ നിന്ന് ശേഖരിച്ചു. അർഹമായ ഫോട്ടോകൾക്ക് ഇടവക തലത്തിൽ സമ്മാനം നൽകി.
* പരീക്ഷകളിൽ വിജയിച്ച കുട്ടികൾക്ക് ക്ലാസ് കയറ്റം കൊടുക്കുകയും എൽ.കെ.ജി. ക്ലാസിലേക്ക് പുതിയ കുട്ടികളെ സ്വീകരിക്കുകയും ചെയ്തു.

## ക്ലാസുകളുടെ ക്രമീകരണം

* ഈ അധ്യയനവർഷത്തെ ക്ലാസുകൾ 11-07-2021 ഞായർ മുതൽ ഓൺലൈൻ വഴി ആരംഭിച്ചു.
* ഓൺലൈൻ ക്ലാസുകൾ നടത്താൻ ആവശ്യമായ വാട്സ് ആപ്പ് ഗ്രൂപ്പുകൾ പ്രധമാധ്യാപകന്റെ നേതൃത്വത്തിൽ ഉണ്ടാക്കി അതിൽ വികാരിയച്ചനെയും അധ്യാപകനെയും കുട്ടികളെയും ചേർക്കേണ്ടതുമാണ്.
* കഴിഞ്ഞ അധ്യായന വർഷത്തിലെന്നതുപോലെ ഈ അധ്യായന വർഷവും പാഠഭാഗങ്ങൾ മാർഗ്ഗദീപം യൂട്യൂബ് ചാനൽ വഴിയാണ് നൽകുക. എന്നാൽ സാധ്യമാകുന്ന ഇടവകകളും അധ്യാപകരും ഗൂഗിൾ മീറ്റ് വഴി കുഞ്ഞുങ്ങൾക്ക് ക്ലാസ്സുകൾ ക്രമീകരിക്കുന്നത് കൂടുതൽ ഫലപ്രദമാണ്.
* ക്ലാസ്സുകൾ ഫലപ്രദമായി നടത്താൻ അധ്യാപകൻ വിദ്യാർത്ഥികളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കേണ്ടതാണ്. ഓരോ ദിവസത്തെയും ക്ലാസ്സുകൾ കഴിയുമ്പോൾ അന്നു പഠിച്ച പാഠങ്ങളുടെ കുറിപ്പുകൾ തയ്യാറാക്കി അധ്യാപകന് വ്യക്തിപരമായി അയച്ചു തരാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടേണ്ടതാണ്.

## പാഠപുസ്തക വിതരണം

* സണ്ടേഡേസ്കൂൾ പാഠപുസ്തകങ്ങൾ ജില്ലാതലത്തിൽ വിതരണം ചെയ്യുന്നതാണ്. അതിനാൽ ഓരോ ക്ലാസുകളിലും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണവും തുകയും അതാത് ക്ലാസ്സുകളിലെ അധ്യാപകർ പ്രവേശനോത്സവം നടത്തുന്ന ആഴ്ചയിൽ തന്നെ ശേഖരിച്ച് പ്രഥമാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
* ഓരോ ഇടവകകൾക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ക്ലാസ് അടിസ്ഥാനത്തിൽ അതിന്റെ തുക ഉൾപ്പെടെ പ്രഥമാധ്യാപകർ ജില്ലാ ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്. ജില്ലാ ഡയറക്ടർ ജില്ലയിൽ ആവശ്യമായിരിക്കുന്ന പുസ്തകങ്ങളുടെ എണ്ണം രൂപതാ കാര്യാലയത്തിൽ നൽകേണ്ടതാണ്. ആവശ്യമുള്ളവർക്ക് പുസ്തകങ്ങൾ രൂപതാ കാര്യാലയത്തിൽ നിന്നും പിന്നീട് വാങ്ങാവുന്നതാണ്.
* എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് അതാത് ക്ലാസിലെ അധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

## മറ്റ് അറിയിപ്പുകൾ

* വർഷാരംഭത്തിൽ തന്നെ ഓരോ ഇടവകകളിലെയും അധ്യാപകരുടെ പേരും അവർ പഠിപ്പിക്കുന്ന ക്ലാസിലെ കുട്ടികളുടെ എണ്ണവും രൂപതാ കാര്യാലയത്തിൽ നൽകേണ്ടതാണ്.
* ഏതെങ്കിലും ഇടവകകളിൽ കഴിഞ്ഞ വർഷത്തെ പ്രഥമാധ്യാപകർക്കു പകരമായി പുതിയ അധ്യാപകർ ചുമതല ഏറ്റിറ്റുണ്ടെങ്കിൽ അവരുടെ പേരും ഫോൺ നമ്പറും ജില്ലാ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

## റബ്ബോനി 2021



ഈ വർഷത്തെ സണ്ടേഡേസ്കൂൾ അധ്യാപകർക്കുള്ള സെമിനാർ 2021 ജൂലൈ 4 ന് വൈകുന്നേരം 6 മണി മുതൽ ഓൺലൈൻ വഴിയായി നടത്തി. ബഹുമാനപ്പെട്ട പ്രഭീഷ് ജോർജ്ജ് മേക്കരികത്ത് അച്ചൻ സെമിനാറിന് നേതൃത്വം നൽകി. പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ മതാധ്യാപകരും ഈ സെമിനാറിൽ പങ്കെടുത്തു.

## സ്മൃതി



ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹയുടെ ഓർമ്മ പെരുന്നാളായ ദുക്റാന പെരുനാളിനോട് അനുബന്ധിച്ചു തോമാശ്ലീഹയെ അനുസ്മരിച്ചുകൊണ്ട് സ്മൃതി എന്ന പ്രോഗ്രാം നടത്തി. ചായ്ക്കോട്ടുകോണം, ചെമ്പരത്തിവിള എന്നീ ഇടവകകളില എം.സി.സി.എൽ. കുട്ടികളുടെ നേതൃത്വത്തിലാണ് സ്മൃതി നടത്തിയത്.

## തൃപ്പാദം

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 68-ാമത് ഓർമ്മദിനമായ 2021 ജൂലൈ 15 വൈകുന്നേരം 6.15 ന് തൃപ്പാദം എന്ന പ്രോഗ്രാമിലൂടെ മാർ ഈവാനിയോസ് പിതാവിനെ അനുസ്മരിച്ചു. പാറശ്ശാല വൈദിക ജില്ലയിലെ എം.സി.സി.എൽ. അംഗങ്ങളാണ് ഇതിനു നേതൃത്വം നൽകിയത്.

## മൂല്യനിർണയ ക്യാമ്പ്

2020 -21 അധ്യായനവർഷത്തെ 10, 12 ക്ലാസുകൾക്ക് നടത്തിയ സർട്ടിഫിക്കറ്റ് പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് 2021 ജൂലൈ 21 ബുധനാഴ്ച ചാരോട്ടുകോണം സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ, മതാധ്യാപകർ എന്നിവർ മൂല്യനിർണയ ക്യാമ്പിൽ പങ്കെടുത്തു.

## വിശ്വാസ പരിശീലന ദിനം



മലങ്കര കത്തോലിക്കാ സഭ ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച വിശ്വാസ പരിശീലന ദിനമായി ആചരിച്ചു. കോവിഡിന്റെ സാഹചര്യത്തിൽ ഇടവക ദൈവാലയങ്ങളിൽ വിശ്വാസപരിശീലന ദിനത്തിന്റെ




ആഘോഷപരിപാടികൾ ഓൺലൈൻ വഴിയാണ് ഈ വർഷം നടത്തിയത്. ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് നടന്ന ആഘോഷപരിപാടികൾ പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പാറശ്ശാല ഭദ്രാസനത്തിലെ അധ്യാപകരും മാതാപിതാക്കന്മാരും സണ്ടേഡേസ്കൂൾ വിദ്യാർഥികളും ഇതിൽ പങ്കെടുത്തു.

## നന്ദി

പാറശ്ശാല ഭദ്രാസനത്തിലെ വിശ്വാസ പരിശീലന കാര്യാലയത്തിന്റെ ആനിമേറ്ററായി കഴിഞ്ഞ മൂന്നു വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്തു പുതിയ ശുശ്രൂഷ മേഖലയിലേക്ക് പോകുന്ന റവ. സിസ്റ്റർ സാന്ത്വന ഡി. എം. ന് മാർഗ്ഗദീപം കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തനമേഖലയിൽ എല്ലാ ഭാവുകങ്ങളും കാര്യാലയത്തിന്റെ പേരിൽ നേരുന്നു.

## സ്വാഗതം

പാറശ്ശാല ഭദ്രാസനത്തിലെ വിശ്വാസ പരിശീലന കാര്യാലയത്തിന്റെ പുതിയ ആനിമേറ്ററായി നിയമിതയായിരിക്കുന്ന റവ. സിസ്റ്റർ വിനീത പോൾ ഡി. എം. ന് മാർഗ്ഗദീപം കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.



# എം.സി.വൈ.എം.

## അസീസ്സിയൻ പ്രാർത്ഥനായജ്ഞം



കോവിഡ് –19 മഹാമാരി യുടെ രണ്ടാംതരംഗത്തിന്റെ തീവ്രവ്യാപനത്തിനെതിരെ യുള്ള ആത്മീയ പ്രതിരോധ ത്തിന്റെ ഭാഗമായി ദൈവകരുണ യാചിച്ചുകൊണ്ട് പാറശ്ശാല ഭദ്രാ സനത്തിലെ യുവജനങ്ങൾ 2021 മെയ് മാസം 1–ാം തീയതി ആരം ഭിച്ച പ്രാർത്ഥനായജ്ഞം ജൂൺ 31 ന് സമാപിച്ചു.

ലോകം മുഴുവനുംവേണ്ടി പ്രാർത്ഥിച്ച ഈ പ്രാർത്ഥനായജ്ഞ ത്തിൽ പ്രത്യേക നിയോഗമായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങ ളിലെ മുന്നണിപോരാളികളായ ആരോഗ്യപ്രവർത്തകർ, പോലീസുകാർ, സന്നദ്ധ പ്രവർത്തകർക്ക് എന്നിവർക്കുവേണ്ടിയും രോഗബാധിതനായി ചികിത്സയിലായിരിക്കുന്ന ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ രോഗസൗഖ്യത്തിനായും പ്രാർത്ഥിച്ചു. ഓരോ ദിവസവും പരി. ജപമാല, കരുണകൊന്ത, സ്വയംപ്രേരിത പ്രാർത്ഥന, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തി യുവ ജനങ്ങൾ ഇതിൽ പങ്കാളികളായി. അതോടൊപ്പം വൈദികജില്ലകളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യാരാധനയും ഓരോ ആഴ്ചയും ഓൺലൈനായി നടത്തി. പ്രാർത്ഥനാ യജ്ഞത്തിന്റെ സമാപനം ഭദ്രാ സന സമിതിയുടെ നേതൃത്വത്തിൽ 2021 ജൂൺ 30–ന് ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് ദിവ്യകാരുണ്യാരാധന നടത്തി.

## വിസിറ്റ–2021

കേരളാ കാതലിക്ക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.) സംസ്ഥാന ഭാരവാഹികൾ പാറശ്ശാല ഭദ്രാസനത്തിൽ ഓൺലൈൻ സന്ദർശനം വിസിറ്റ 2021 എന്ന പേരിൽ ജൂൺ 21 തിങ്കളാഴ്ച നടത്തി. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. എഡ്വേർഡ് രാജു, ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര എന്നിവരുടെ നേതൃത്വത്തിലുള്ള സംസ്ഥാന സമിതി അംഗങ്ങൾ മീറ്റിംഗിൽ സംബന്ധിച്ചു. പാറശ്ശാല ഭദ്രാസനത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചും സംസ്ഥാനതല യുവജന പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തെക്കുറിച്ചും വിശദമായ ചർച്ചകൾ നടന്നു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴി എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുത്തു.

## IVANO PEARL

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി പുണ്യപിതാവിന്റെ ജീവിത ദർശനങ്ങൾ സ്വാംശീകരിക്കാനായി പിതാവിന്റെ സൂക്തങ്ങൾ പങ്കുവച്ചുകൊണ്ടുള്ള IVANO PEARL എന്ന സ്റ്റാറ്റസ് ഫോട്ടോ ജൂലൈ 1 മുതൽ 15 വരെ പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കി യുവജനങ്ങൾക്ക് നൽകി.

## ഈവാനിയൻ E-യാത്ര

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദർശനങ്ങളും അതിന്റെ കാലിക പ്രസക്തിയും യുവജനങ്ങളിലെത്തി



ക്കാനായി ഓൺലൈനായി സംഘടിപ്പിച്ച അനുസ്മരണ പരിപാടി യാണ് ഈവാനിയൻ E-യാത്ര.

2021-ലെ ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഈ ഓൺലൈൻ യാത്രയിൽ പിതാവിന്റെ ദർശനങ്ങൾ അവതരിപ്പിച്ചത് പാറശ്ശാല ഭദ്രാസനത്തിലെ ഇടവകകളിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുത്ത 15 കുഞ്ഞുങ്ങളായിരുന്നു. ജുവൽ എ. ജെ. (ആലുവിള), കൃപാ എസ്. (കാഞ്ഞിരംകുളം), അജിനാ പ്രിൻസി (പനച്ചമൂട്), ബ്ലെസ്സി (കുറ്റിച്ചൽ), പൂജാ ബി. മധു (റസ്സൽപുരം), അൻജിതാ എ. എസ്. (കത്തീഡ്രൽ), ഏയ്ഞ്ചൽ എ. എൻ. (കത്തീഡ്രൽ), അൽബീനാ വി. (കത്തീഡ്രൽ), റിയാ ജോർജ്ജ് (ചെമ്പരത്തിവിള), അനീറ്റാ എസ്. ബിജു (പാമ്പുകാല), അഷസ് എസ്. സുബാഷ് (മുല്ലൂർ), വിപഞ്ചിക എ. ആർ. (ബാലരാമപുരം), അർച്ചനാ വി. ജെ. (ചെമ്പരത്തിവിള), സനൂഷ എസ്. എസ്. (കാഞ്ഞിരംകുളം), ആദർശ് എ. (പൂവാർ) എന്നിവരാണ് ദർശനങ്ങൾ പങ്കുവച്ചത്. ഈവാനിയൻ ദർശനങ്ങളുടെ പ്രസക്തി അവതരിപ്പിച്ചത് റവ. ഫാ. ഷീൻ പാലക്കുഴി, റവ. ഫാ. ഷീൻ തങ്കാലയം, റവ. ഡോ. ബർണാഡ് വലിയവിള, റവ. ഫാ. തോമസ് പൊറ്റപ്പുരയിടം, റവ. ഫാ. ബിജോയി ഊരാളിവിള, റവ. ഫാ. ബനഡിക്ട് വാറുവിള, റവ. ബ്രദർ അനിറ്റ് ഫ്രാൻസിസ് എന്നിവരായിരുന്നു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ സമാപന ദിവസം സന്ദേശം നൽകി.

## മാർ ഈവാനിയോസ് അനുസ്മരണം

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68-ാം ഓർമയുടെ അനുസ്മരണയുടെ ഭാഗമായി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ജൂലൈ 12 തിങ്കളാഴ്ച രാവിലെ പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും കബറിങ്കൽ ധൂപ




പ്രാർത്ഥനയും നടത്തി. ഭദ്രാസന ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ റവ. ഫാ. വിമൽ വിൻസെന്റ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന അനുസ്മരണ പരിപാടികളിൽ ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴിയുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുത്തു.

## മാർ ഈവാനിയോസ് ദിനം

കോവിഡ്-19 ന്റെ പ്രത്യേക നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ 68-ാം മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ പാറശ്ശാല ഭദ്രാസനത്തിലെ യുവനജനങ്ങളൊന്നിച്ച് പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് 2021 ജൂലൈ 15 ന് സമുചിതമായി ആഘോഷിച്ചു. അസി. ഡയറക്ടർ വിമലച്ചന്റെ നേതൃത്വത്തിൽ നടന്ന വി. കുർബാനയിൽ ഭദ്രാസന ഡയറക്ടറച്ചനും ജില്ലാ ഡയറക്ടറച്ചന്മാരും സഹകാർമ്മികരായിരുന്നു. ആഘോഷമായ വി. കുർബാന, ധൂപപ്രാർത്ഥന, അനുസ്മരണം, നേർച്ചവിളമ്പ് എന്നിവ നടന്നു. ഭദ്രാസന സമിതി അംഗങ്ങളും ജില്ലാ ഭാരവാഹികളും ധാരാളം യുവജനങ്ങളും ഓർമ്മപ്പെരുന്നാളിൽ പങ്കെടുത്തു.

## പാപ്പനംകോട് നിന്ന് പാറശ്ശാല വരെ: മാർ ഈവാനിയോസ് അനുസ്മരണ യാത്ര




എം. സി. വൈ. എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ 103 ഇടവകകളെയും കോർത്തിണക്കി നടത്തുന്ന മാർ ഈവാനിയോസ് അനുസ്മരണ യാത്ര 2021 ആഗസ്റ്റ് 2 ന് പാപ്പനംകോട് ദൈവാലയത്തിൽ നിന്ന് ആരംഭിച്ച് സെപ്തംബർ മാസം പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ സമാപിക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം എല്ലാ ദിവസവും വൈകിട്ട് 4 മണി മുതൽ രാത്രി 8 മണി വരെ നീണ്ടു നിൽക്കുന്ന അനുസ്മരണയാത്രയിൽ ഓരോ ദിവസവും അഞ്ച് ഇടവകകൾ സന്ദർശിക്കുകയും ദൈവദാ

സൻ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥത്തിൽ അനുസ്മരണാ പ്രാർത്ഥന നടത്തുകയും ചെയ്യും. തദവസരത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ മദ്ധ്യസ്ഥത്തിലുള്ള നിയോഗങ്ങളും നേർച്ചകളും സ്വീകരിക്കുന്നതുമാണ്.

## വള്ളിക്കുരിശ് ആശീർവദിച്ചു



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതി നേതൃത്വം നൽകുന്ന ദൈവദാസൻ മാർ ഈവാനിയോസ് അനുസ്മരണ യാത്രയ്ക്കുള്ള വള്ളിക്കുരിശ് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ജൂലൈ 29 വ്യാഴാഴ്ച പാറശ്ശാല അരമനയിൽ വച്ച് ആശീർവദിച്ചു. ഭദ്രാസനത്തിലെ ഇടവകകളുടെയും പ്രത്യേകിച്ച് യുവജനങ്ങളുടെയും ആത്മീയ ഉണർവിന് ഈ അനുസ്മരണയാത്ര തുടക്കംകുറിക്കട്ടെ എന്ന് അഭിവന്ദ്യ പിതാവ് പ്രത്യാശ പ്രകടിപ്പിച്ചു. ഭദ്രാസന ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ റവ. ഫാ. വിമൽ വിൻസെന്റ്, ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തക്കുഴി, ഭദ്രാസന സമിതി അംഗങ്ങൾ, ജില്ലാ പ്രസിഡന്റുമാർ, ജില്ലാ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

## നന്ദി...

കഴിഞ്ഞ മൂന്നു വർഷക്കാലം പാറശ്ശാല ഭദ്രാസന എം.സി.വൈ.എം.ന്റെ സിസ്റ്റർ ആനിമേറ്ററായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച റവ. സിസ്റ്റർ സംപ്രീതാ ഡി.എം.ന് ഭദ്രാസന യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ കൃതജ്ഞത അർപ്പിക്കുന്നു.

## സ്വാഗതം

പാറശ്ശാല ഭദ്രാസന എം.സി.വൈ.എം.ന്റെ സിസ്റ്റർ ആനിമേറ്ററായി മേരീമക്കൾ സന്യാസിനീ സമൂഹത്തിലെ നിർമ്മലാ പ്രോവിൻസിലെ റവ. സിസ്റ്റർ സീനാ ജോൺ ഡി.എം.നെ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ നിയമിച്ചു. പുതിയ സിസ്റ്റർ ആനിമേറ്ററിന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## REJOICE 2021

എം.സി.വൈ.എം. നെയ്യാറ്റിൻകര വൈദികജില്ലയുടെ നേതൃത്വത്തിൽ നടക്കുന്ന REJOICE 2021 ഓൺലൈൻ മത്സരങ്ങളിൽ ആറ് ഇനങ്ങളുടെ ഫലങ്ങൾ പ്രഖ്യാപിച്ചു.

1. **CRAFT COMPETITION**

   First : Sony Das C G (Chaikottukonam)

   Second : Sunija S Raj (Russelpuram)
   Jeena (Chaikottukonam)

2. **MONO ACT**

   First : Aiswarya Shibu (Kanjiramkulam)

   Second : Manuja M S (Kanjiramkulam)

3. **SOLO**

   First : Aiswarya Shibu (Kanjiramkulam)

   Second : Renju O (Ettukutty)

4. **SPEECH**

   First : Reji K L (Pinkulam)

   Second : Anaswara A (Poovar)

5. **DUBSMASH**

   First : Roshni Binu (Nellyadi, Puttur Diocese)

   Second : Delina Sabu (Josegiri, Puttur Diocese)

6. **BE A SAINT**

   First : Anakha M Jayakumar (Russelpuram)

   Second : Sneha G S (Russelpuram)

# എം.സി.എ.



## മാർ ഈവാനിയോസ് ദിന അനുസ്മരണം



എം.സി.എ. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിൽ വി. കുർബാന അർപ്പിച്ചു. വെരി. റവ. ഫാ. ഹോർമിസ് പുത്തൻവീട്ടിൽ കാർമ്മികത്വം വഹിച്ചു. ധർമ്മരാജ് പിൻകുളം, സബീഷ് പീറ്റർ തിരുവല്ലം, സുമനലാൽ, പൗലോസ് എട്ടുകുറ്റി, ബാബു ചായ്ക്കോട്ടുക്കോണം, ബേബി ആലുവിള, ഫ്രാൻസിസ് കൊടങ്ങാവിള, അഡ്വ.രാജയ്യൻ, മോഹനൻ കണ്ണറവിള, ലോറൻസ് കാനക്കുഴി, ജയാ തോമസ് എന്നിവർ പങ്കെടുത്തു.

## കോവിഡ് സഹായ കിറ്റ് വിതരണം



എം.സി.എ. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കാട്ടാക്കട അരുവിക്കുഴി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ കോവിഡ് സഹായ കിറ്റുകൾ പാറശ്ശാല ഭദ്രാസന ഡയറക്ടർ വെരി. റവ. ഫാ. ഹോർമ്മീസ് പുത്തൻവീട്ടിൽ വിതരണം ചെയ്തു. എം.സി.എ. പാറശ്ശാല ഭദ്രാസന സമിതി നേതൃത്വം നൽകി.



# Kshema Integrated Development Society (KIDS)

## പഠനസഹായം ലഭ്യമാക്കി



പാറശ്ശാല ഭദ്രാസനത്തിലെ സാമൂഹിക വികസന പ്രസ്ഥാനമായ ക്ഷേമ ഇന്റഗ്രേറ്റഡ് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്ഷേമ വോളണ്ടിയേഴ്സ് പഠനസഹായം ലഭ്യമാക്കി. റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിലിന്റെ അധ്യക്ഷതയിൽ ക്ഷേമ വോളണ്ടിയർ അജീഷ് ലാൽ, മൊബൈൽ ഫോൺ അമ്പിളികോണം ഇടവക വികാരി റവ. ഫാ. വർഗീസ് നടുതലയ്ക്ക് കൈമാറി.

## ബിരിയാണി ഫെസ്റ്റ്

നമ്മുടെ സമൂഹത്തിൽ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിനായി ഫണ്ട് സമാഹരണത്തിനു വേണ്ടി ക്ഷേമ ഇന്റഗ്രേറ്റഡ് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്ഷേമ വോളണ്ടിയേഴ്സ് ബിരിയാണി ഫെസ്റ്റ് നടത്തി. ബിരിയാണി ഫെസ്റ്റിന് ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ നേതൃത്വം നൽകുകയും ഉദ്ഘാടനം

ചെയ്യുകയും ചെയ്തു. എം.സി.വൈ.എം. ബാലരാമപുരം വൈദിക ജില്ലാ ഡയറക്ടർ റവ. ഫാ. ജെറോം കുന്നുംപുറത്ത് ഭക്ഷണ പദാർത്ഥങ്ങൾ ആശീർവദിച്ചു.

## ചികിത്സാസഹായം



പാറശ്ശാല ഭദ്രാസനത്തിലെ സാമൂഹിക വികസന പ്രസ്ഥാനമായ ക്ഷേമ ഇന്റഗ്രേറ്റഡ് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്ഷേമ വോളണ്ടിയേഴ്സ് ബിരിയാണി ഫെസ്റ്റ് നടത്തി സമാഹരിച്ച തുക, പുന്നക്കുളം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലെ ഡാനിയേൽ (26) ന്റെ ക്യാൻസർ രോഗചികിത്സയ്ക്കായി കൈമാറി. ചികിത്സാ സഹായം പുന്നക്കുളം ഇടവക വികാരി റവ. ഫാ. അബിൻ മുല്ലയ്ക്കൽ വിതരണം ചെയ്തു.

## കൈത്താങ്ങ്




ക്ഷേമ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്ഷേമ വോളണ്ടിയേഴ്സ് ബിരിയാണി ഫെസ്റ്റ് നടത്തി സമാഹരിച്ച തുക ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ നെല്ലിയോട് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലെ സുമ (24) ന്റെ ചികിത്സാ സഹായത്തിനായി നൽകി.



# വിദ്യാഭ്യാസം

## പാറശാല ഭദ്രാസന ടീച്ചേഴ്സ് ഗിൽഡ്

പാറശ്ശാല ഭദ്രാസന ടീച്ചേഴ്സ് ഗിൾഡിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് 2021 ജൂലൈ 7-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിക്ക് ചായ്ക്കോട്ടുകോണം സ്കൂളിൽ വച്ച് നടന്നു. ഈ മീറ്റിംഗിൽ വച്ച് പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു. തിരഞ്ഞെടുപ്പിന് പാറശ്ശാല ഭദ്രാസന കറസ്പോണ്ടന്റ് റവ. ഫാ. ഷീൻ തങ്കാലയം നേതൃത്വം നൽകി.

**ഭദ്രാസന ഭാരവാഹികൾ**

രക്ഷാധികാരി : മോസ്റ്റ് റവ. ഡോ. തോമസ് മാർ യൗസേബിയോസ്
കറസ്പോണ്ടന്റ്: റവ. ഫാ. ഷീൻ തങ്കാലയം
പ്രസിഡന്റ് : ശ്രീ. ജോർജ് രത്നം
ജനറൽ സെക്രട്ടറി: ശ്രീമതി മിനി ജി.
ട്രഷറർ : ശ്രീ. അജയ കുമാർ
വൈസ് പ്രസിഡണ്ട് : ശ്രീ. ജാക്സൺ
സെക്രട്ടറി : ശോഭന
സെക്രട്ടറി : ലതാകുമാരി

**സമിതി അംഗങ്ങൾ :**

റവ. സി. ദീപ ഡി. എം.
റവ. സി. ദിവീന ഡി. എം.
റവ. സി. സുകൃത ഡി. എം.
ശ്രീമതി ലിറ്റിൽ എം. പി.
ശ്രീമതി മേരി
ശ്രീമതി സുഗന്ധി
ശ്രീമതി മരിയ റോസ്
ശ്രീ. തോമസ് ജി.
ശ്രീ. ജിജി
ശ്രീമതി രശ്മി യു. എസ്.
ശ്രീമതി ഷാഹില ഷെറിൽ
ശ്രീമതി റീന

## ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68–ാം ഓർമ്മ പെരുനാൾ















# ആദരാഞ്ജലികൾ



## ശ്രീ. എൻ. റ്റി. വർഗ്ഗീസ്

### നായിക്കംപറമ്പിൽ

(അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവിന്റെ വത്സലപിതാവ്)



മേരിമക്കൾ സന്യാസിനി സമൂഹത്തിലെ നിർമ്മല പ്രൊവിൻസിൽ
2021 ജൂൺ 21 ന് നിത്യവ്രത വാഗ്ദാനം നടത്തിയ സിസ്റ്റർ അലൻസിയ വർഗ്ഗീസ്,
സിസ്റ്റർ ആൻസ് മരിയ, സിസ്റ്റർ കാർമ്മൽ ജോസ് എന്നിവർ

Design & Layout : Syam, Nia Graphics, Chowara 9747 044 811




ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 68 – ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച്
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് വി. കുർബാനയർപ്പിക്കുന്നു

Printed and Published by Very Rev. Fr. Hormis Puthenveettil (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502